പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 5 , ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾ

ചോദ്യം : 2291
ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിന്ന് സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികൾ വിട്ടു നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി . ഈ സാഹചര്യത്തിൽ റീ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |
| (ബി) | ഇത് പദ്ധതിയുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | |
| (സി) | ഇൻഷ്വറൻസ് പരിരക്ഷ കിട്ടണമെങ്കിൽ 24 മണിക്കൂർ ആശുപത്രിയിൽ കിടക്കണമെന്ന വ്യവസ്ഥ, റേഡിയേഷൻ കീമോതെറാപ്പി, ചില രക്തജന്യരോഗങ്ങൾ തുടങ്ങിയവയുടെ ചികിത്സ തേടുന്നവർക്കുള്ള ആനുകൂല്യം നഷ്ടപ്പെടുത്താൻ ഇടവരുത്തുമോ; | നിർദിഷ്ട പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കാണ് (ഡേ കെയർ ഉൾപ്പെടെ ) പദ്ധതിയിൻ പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നത്. ടി പട്ടികയിൽ ഉൾപ്പെടാത്ത ഔട്ട് പേഷ്യന്റ് ചികിത്സകൾക്ക് ജീവനക്കാർക്ക് നിലവിലുള്ള പ്രതിപൂരണ സമ്പ്രദായം ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ഡി) | പദ്ധതി റിലയൻസ് പോലുള്ള കമ്പനികളെ ഏൽപ്പിക്കുമ്പോൾ വ്യവസ്ഥകൾ സുതാര്യമല്ലെങ്കിൽ ഭാവിയിൽ അതു ഗുണഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുമെന്നത് പരിശോധിക്കുമോ; | IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെൻഡർ നടപടികളിലൂടെയാണ് ഇൻഷ്വററെ തെരഞ്ഞെടുക്കുന്നത്. |

| | | |
|---|---|---|
| (ഇ) | എങ്കിൽ ഇൻഷ്വറൻസ് കമ്പനികളുടെ ചൂഷണമൊഴിവാക്കാൻ പദ്ധതി സർക്കാർ നേരിട്ട് നടത്തണമെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം സർക്കാർ പരിഗണിക്കുമോ? | ഇക്കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല . |

**സെക്ഷൻ ഓഫീസർ**